**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഐ. ടി. പാർക്കുകളിലുള്ള കമ്പനികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതലുള്ള 10 വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ ഐ. ടി. പാർക്കുകളിൽ എത്ര കമ്പനികൾ പുതുതായി ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2016 മുതലുള്ള 10 വർഷക്കാലയളവിനുള്ളിൽ ടെക്നോപാർക്കിൽ 320 – ഉം, ഇൻഫോപാർക്കിൽ 255 – ഉം, സൈബർപാർക്കിൽ 78 – ഉം ഉൾപ്പെടെ മൊത്തം 653 കമ്പനികൾ പുതുതായി ആരംഭിച്ചു. |
| (ബി) | ഐ. ടി. കയറ്റുമതി 2016-ൽ എത്ര കോടി രൂപയുടെതായിരുന്നുവെന്നും 2026-ൽ ആയത് എത്രകോടി രൂപയുടേതായിരുന്നുവെന്നും വിശദമാക്കുമോ; | (ബി) | 2016-17 കാലയളവിൽ ടെക്നോപാർക്കിൽ ഐടി സോഫ്റ്റ്‌വെയർ കയറ്റുമതി ₹5,000 കോടി ആയിരുന്നു. 2024–25 കാലയളവിൽ ഇത് ₹14,575 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി.<br><br>ഇൻഫോപാർക്കിൽ 2016-17 വർഷത്തിൽ ഐ.ടി. കയറ്റുമതി 3,000 കോടി രൂപയായിരുന്നു. ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2024-25 വർഷത്തിൽ ഇത് 12,060 കോടി രൂപയായി ഉയർന്നു.<br><br>2016 ൽ സൈബർപാർക്കിലെ മൊത്തം ഐ.ടി കയറ്റുമതി 2,97,84,942/- രൂപയായിരുന്നു. 2024-25 കാലയളവിലെ മൊത്തം ഐ.ടി കയറ്റുമതി 130 കോടി രൂപയാണ്.<br><br>2025–26 വർഷത്തെ സോഫ്റ്റ്‌വെയർ കയറ്റുമതി കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല. |
| (സി) | 2016-ന്റെ തുടക്കത്തിൽ ഐ.ടി. പാർക്കുകളിൽ എത്ര ചതുരശ്രയടി ബിൽറ്റപ്പ് സ്പെയ്സ് ആണ് ഉണ്ടായിരുന്നതെന്നും നിലവിൽ അത് എത്ര ചതുരശ്രയടിയാണെന്നും വ്യക്തമാക്കാമോ; | (സി) | 2016–17 കാലയളവിൽ ടെക്നോപാർക്കിലെ ആകെ ബിൽറ്റ്-അപ്പ് ഏരിയ 85.1 ലക്ഷം ചതുരശ്ര അടി ആയിരുന്നു. നിലവിൽ ഇത് 127.2 ലക്ഷം ചതുരശ്ര അടി ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>2016-ന്റെ തുടക്കത്തിൽ ഇൻഫോപാർക്കിലെ ബിൽറ്റ്-അപ്പ് ഏരിയ 43.03 ലക്ഷം ചതുരശ്ര അടി ആയിരുന്നു. നിലവിൽ ഇത് 92.62 ലക്ഷം ചതുരശ്ര അടി ആയി വർദ്ധിച്ചിട്ടുണ്ട്.<br><br>സൈബർ പാർക്കിൽ 2016ൽ 12000 ചതുരശ്ര അടി ബിൽറ്റപ്പ് സ്പേസ് ആയിരുന്നു. നിലവിൽ ഇത് 3 |

| | | | |
|---|---|---|---|
| | | | ലക്ഷം ചതുരശ്ര അടി ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലായി എത്ര തൊഴിലവസരങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് വിശദമാക്കാമോ; ഐ.ടി. മേഖലയെ വളർത്തിയെടുത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നുള്ള വിശദാംശം വ്യക്തമാക്കുമോ? | (ഡി) | നിലവിലെ കണക്കുകൾ പ്രകാരം ടെക്നോപാർക്കിൽ 80,000 നേരിട്ടുള്ള തൊഴിലവസരങ്ങളും ഇതിന്റെ മൂന്നു മടങ്ങ് പരോക്ഷ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടെക്നോപാർക്കിലേക്ക് കൂടുതൽ കമ്പനികളെ ആകർഷിക്കുന്നതിനായി, ക്യാമ്പസിൽ കൂടുതൽ ഐ.ടി ബിൽറ്റ്-അപ്പ് സ്പേസ് സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഐ.ടി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പർമാരുമായി ടെക്നോപാർക്ക് ആശയവിനിമയം നടത്തിവരികയാണ്.<br><br>2024-25 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് ഇൻഫോപാർക്കിൽ ഏകദേശം 73,500 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഭാവി വികസന പദ്ധതികളുടെ ഭാഗമായി, ഇൻഫോപാർക്ക് ഫേസ് 3 ൽ ഏകദേശം 300 ഏക്കറിൽ 200 ലക്ഷം (20 മില്യൺ) ചതുരശ്ര അടി ഐ.ടി. സ്പേസ് നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 25,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഫേസ് 4 ൽ കൊച്ചിയിലെ ട്രാക്കോ (TRACO) കമ്പനിയുടെ ഭൂമിയിൽ 50 ലക്ഷം ചതുരശ്ര അടി അധിക ഐ.ടി. സ്പേസ് കൂടി നിർമ്മിക്കാൻ പദ്ധതിയുണ്ട്. എറണാകുളം സൗത്ത് മെട്രോ സ്റ്റേഷനിൽ 45,417 ചതുരശ്ര അടി വിസ്തൃതിയുള്ള ഫ്ലെക്സി വർക്ക് സ്പേസുകൾ നിർമ്മാണം പൂർത്തികരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട് .<br><br>സൈബർപാർക്കിൽ നിലവിൽ ഏകദേശം 2300 നേരിട്ടുള്ള തൊഴിലവസരങ്ങൾ ലഭ്യമാണ്. സൈബർ പാർക്കിന്റെ രണ്ടാമത്തെ ഐ.ടി കെട്ടിടം പൂർത്തിയാകുന്നതോടെ 4500 പേർക്ക് നേരിട്ടും, ഇതിന്റെ മൂന്ന് ഇരട്ടി തൊഴിലവസരങ്ങൾ പരോക്ഷമായും ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.<br><br>കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ